ഏലൂർ നഗരസഭ കാര്യാലയം,
ഫോൺ : 0484–2545559

**R3- 24/18** **തീയതി : 21.02.2019**

# ഓഫർ/ക്വട്ടേഷൻ / ലേലം/അറിയിപ്പ്

ഏലൂർ നഗരസഭയുടെ അധീനതയിലുള്ള താഴെപ്പറയുന്ന അവകാശങ്ങൾ **2019-20** സാമ്പത്തിക വർഷകാലത്തേയ്ക്ക് നഗരസഭ നിശ്ചയിച്ച വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി ലേലം/ക്വട്ടേഷൻ/ഓഫർ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷനുകൾ/ഓഫർ സ്വീകരിക്കുന്ന അവസാന തീയതി **02.03.2019** സമയം രാവിലെ **11** വരെ നഗരസഭ ഓഫീസിൽ സ്വീകരിക്കുന്നതാണ്. ലേലനടപടികൾ രാവിലെ **11** മണിയ്ക്ക് നഗരസഭാ ഹാളിൽ നടത്തുന്നതാണ്. ലേല നടപടികൾക്ക് ശേഷം ലഭ്യമായ ക്വട്ടേഷനുകൾ ഹാജരുള്ളവരുടെ സാന്നിധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതുമാണ്.

| ക്രമ നമ്പർ | അവകാശങ്ങൾ | നിരതദ്രവ്യം | മിനിമം ഡെപ്പോസിറ്റ് (രൂപ) |
|---|---|---|---|
| 1 | പാതാളം ശ്മശാനം, കംഫർട്ട് സ്റ്റേഷൻ | 500 | - |
| 2 | ഏലൂർ ഡിപ്പോ കടത്ത് | 500 | - |
| 3 | മഞ്ഞുമ്മൽ ചേരാനല്ലൂർ കടത്ത് | 500 | - |
| 4 | ഏലൂർ മണ്ണംതുരുത്ത് ഫെറി | 500 | - |
| 5 | പച്ചമുക്ക് പി. എച്ച്.സി, എസ്. സി. വിജ്ഞാനകേന്ദ്രം എന്നിവിടങ്ങളിലെ വൃക്ഷങ്ങളുടെ ആദായം | 500 | - |
| 6 | കടമുറി നമ്പർ SF-4 (പൊതുവിഭാഗം) സ്ക്വയർ ഫീറ്റ്–150.10 | 10,000 | 50,000.00 |
| 7 | കടമുറി നമ്പർ SF-7 (പൊതുവിഭാഗം) സ്ക്വയർ ഫീറ്റ്–147.62 | 10,000 | 50,000.00 |
| 8 | കടമുറി നമ്പർ GF-14 (വികലാംഗ സംവരണം) സ്ക്വയർ ഫീറ്റ്–77.47 | 10,000 | 50,000.00 |

ടി. ലേലം/ക്വട്ടേഷൻ നിലവിലുള്ള ബൈലോയും ലേല നിബന്ധനകൾക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായിരിക്കും. ലേലം/ക്വട്ടേഷൻ/ഓഫർ സംബന്ധിച്ച് കൗൺസിലിന്റെ തീരുമാനം അന്തിമമായിരിക്കും. ലേലം/ക്വട്ടേഷൻ/ഓഫർ യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിന് നഗരസഭ കൗൺസിലിനും നഗരസഭാ സെക്രട്ടറിയ്ക്കും അധികാരമുണ്ടായിരിക്കുന്നതാണ്.

ഏതെങ്കിലും കാരണവശാൽ ലേലം നടക്കാതെ പോവുകയോ അന്നേ ദിവസം അവധി ആയിരിക്കുകയോ ചെയ്താൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ഈ നോട്ടീസ് പ്രകാരം ലേലം

നടത്തുന്നതാണ്. ലേലം ചെയ്യുന്ന ദിവസം തന്നെ ലേലതുക മുഴുവനും നഗരസഭയിൽ ഒടുക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് www.eloor.lsgkerala.gov.in എന്ന സൈറ്റിലും നഗരസഭ ഓഫീസിലെ റവന്യൂ വിഭാഗത്തിലും ലഭ്യമാകുന്നതാണ്.

**(ഒപ്പ്)**

**സെക്രട്ടറി**
ഏലൂർനഗരസഭ

പകർപ്പ് :

1. നോട്ടീസ്ബോർഡ്/വെബ് സൈറ്റ്
2. വില്ലേജ് ഓഫീസ്, ഏലൂർ
3. ബഹു. ചെയർപേഴ്സന്റെ മേശപ്പുറത്ത്
4. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ